# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **1193** **14.06.2012 -ൽ** മറുപടിയ്ക്ക്

**കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. റ്റി.യു.കുരുവിള | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
|---|---|---|
| (എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം സ്തംഭിച്ചിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത സ്തംഭനാവസ്ഥ ഒഴിവാക്കി, സമയ ബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(സി) നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതിനും, കർശനമായ നിർദ്ദേശങ്ങൾ നല്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (എ) യും (ബി) യും (സി) യും | ഫൗണ്ടേഷൻ ഡിസൈനിങ്ങിൽ ഉണ്ടായ വ്യതിയാനം കാരണം കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കുവാൻ താമസിക്കുകയുണ്ടായി. ഇതിനിടയിൽ നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചെന്നും പണി പൂർത്തീകരിക്കുവാൻ 15 മാസം കൂടി വേണ്ടി വരും എന്ന് കരാറുകാരൻ അറിയിക്കുകയും, ആയതിനാൽ കരാറിൽ നിന്നു തന്നെ ഒഴിവാക്കുകയോ, 90% നിരക്ക് വർദ്ധന നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ കരാറുകാരന് കത്ത് മുഖേനയും മറ്റ് വിധത്തിലും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തന്റെ നിബന്ധനകൾ അംഗീകരിച്ചാൽ മാത്രമേ പണി ആരംഭിക്കുകയുള്ളു എന്ന കരാറുകാരന്റെ നിലപാടിൻ മേൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇക്കാര്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**